**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2063** **09-02-2023 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൃശ്ശൂർ റൂറൽ ചാലക്കുടി പോലീസ് സ്റ്റേഷനിൽ ശ്രീ. തമ്പിയെന്ന വ്യക്തി 22.12.2022 ൽ 15290010-2022-5-00065 നമ്പരായി നൽകിയ പരാതിയിൽ അന്വേഷണം നടത്തി നാളിതുവരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാത്ത നടപടി ജില്ലാ പോലീസ് മേധാവി നേരിട്ട് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കാനും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നതിലുണ്ടായ കാലതാമസം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രീ. തമ്പിയെന്ന വ്യക്തി 22.12.2022 ൽ നൽകിയ പരാതിയിൽ അന്വേഷണം നടത്തി FIR രജിസ്റ്റർ ചെയ്യുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച് ജില്ലാ പോലീസ് മേധാവി നേരിട്ട് പരിശോധന നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം തേടിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ മേൽനമ്പരായി ലഭിച്ച പരാതിയുടെ പകർപ്പും ആയതിന്മേലുള്ള അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ; | (ബി) | പരാതി സംബന്ധിച്ച് ചാലക്കുടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 121/2023 U/s 435, 427 IPC കേസ് അന്വേഷണഘട്ടത്തിലായതിനാൽ പകർപ്പുകൾ ലഭ്യമാക്കാൻ സാധിക്കുകയില്ല. |
| (സി) | ഈ കേസിൽ സംസ്ഥാന പോലീസ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ലളിതകുമാരി v/s സ്റ്റേറ്റ് ഓഫ് കർണ്ണാടക കേസിന്റെ വിധി പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) | പരാതിയിൽ അന്വേഷണം നടത്തി FIR രജിസ്റ്റർ ചെയ്യുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച് ജില്ലാ പോലീസ് മേധാവി നേരിട്ട് പരിശോധന നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ISHO യിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചശേഷം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | അതീവ ഗൗരവ സ്വഭാവമുള്ള ഒരു പരാതി കിട്ടിയിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെ അതിന്മേൽ ഗൗരവമായ ഇടപെടലും അന്വേഷണവും നടത്താത്ത സംഭവത്തിൽ ജില്ലാ പോലീസ് മേധാവി സംഭവസ്ഥലം സന്ദർശിച്ച് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്ക് എതിരെയും തെറ്റായി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചവർക്കെതിരെയും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | ഉത്തരം (സി) യിൽ ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | പരാതിയിൽ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥൻ എത്ര വർഷമായി പ്രസ്തുത സ്റ്റേഷനിലും ചാലക്കുടി സബ്ഡിവിഷനിലും തുടർച്ചയായി ജോലി നോക്കുന്നുയെന്നതും വ്യക്തമാക്കാമോ; | (ഇ) | പരാതിയിൽ അന്വേഷണം നടത്തിയ പോലീസ് ഉദ്യോഗസ്ഥൻ 05.04.2022 തീയതി മുതൽ 16.01.2023 തീയതി വരെ ചാലക്കുടി പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തിട്ടുണ്ട്. ചാലക്കുടി സബ് ഡിവിഷനിലെ കൊരട്ടി പോലീസ് സ്റ്റേഷനിൽ 20.06.2019 മുതൽ 11.01.2020 വരെയും പുതുക്കാട് പോലീസ് സ്റ്റേഷനിൽ 13.01.2020 മുതൽ 06.05.2020 വരെയും 20.10.2020 മുതൽ 04.04.2022 വരെയും ജോലി ചെയ്തിട്ടുണ്ട്. |
| (എഫ്) | ചാലക്കുടി പോലീസ് സ്റ്റേഷനിലും ചാലക്കുടി പോലീസ് സബ്ഡിവിഷന്റെ കീഴിലും വിവിധ സ്റ്റേഷനുകളിലായി മൂന്ന് വർഷത്തിലധികമായി തുടർച്ചയായി ജോലി നോക്കുന്നവരുടെ വിശദാംശം ലഭ്യമാക്കാമോ; ഇവർ മൂന്ന് വർഷത്തിലധികമായി തുടർച്ചയായി ജോലി നോക്കാനുണ്ടായ സാഹചര്യവും സർക്കാർ പരിശോധിക്കുമോ; വ്യക്തമാക്കാമോ? | (എഫ്) | ഇത് സംബന്ധിച്ച വിശദാംശം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **മൂന്ന് വർഷത്തിലധികമായി ചാലക്കുടി സബ് ഡിവിഷനിലെ പോലീസ് സ്റ്റേഷനുകളിൽ തുടരുന്ന പോലീസ് ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ** | | | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **പേര്** | **ഉദ്യോഗപ്പേര്** | **ജനറൽ നമ്പർ** | **പോലീസ് സ്റ്റേഷൻ** | **മൂന്നു വർഷമായി തുടരുന്നതിനുള്ള കാരണം** |
| 1 | സതീശൻ എം.എൻ | ഹെഡ് കോൺസ്റ്റബിൾ | 5532 | ചാലക്കുടി | കഴിഞ്ഞ വർഷത്തെ ജനറൽ ട്രാൻസ്ഫർ സമയത്ത് മൂന്ന് വർഷം പൂർത്തീകരിച്ചിരുന്നില്ല. |
| 2 | ജസ്ലിൻ തോമസ് | പോലീസ് കോൺസ്റ്റബിൾ | 7505 | ചാലക്കുടി | കഴിഞ്ഞ വർഷത്തെ ജനറൽ ട്രാൻസ്ഫർ സമയത്ത് മൂന്ന് വർഷം പൂർത്തീകരിച്ചിരുന്നില്ല. |
| 3 | പോൾസൺ പി പി | പോലീസ് കോൺസ്റ്റബിൾ | 7381 | ആതിരപ്പിള്ളി | ജനമൈത്രി ബീറ്റ് ഓഫീസർ ആയതിനാൽ നിലനിർത്തിയിരിക്കുന്നു. |
| 4 | റോയി പൗലോസ് | ഹെഡ് കോൺസ്റ്റബിൾ | 5509 | മലക്കപ്പാറ | കഴിഞ്ഞ വർഷത്തെ ജനറൽ ട്രാൻസ്ഫർ സമയത്ത് മൂന്ന് വർഷം പൂർത്തീകരിച്ചിരുന്നില്ല. |
| 5 | ബിജു രാമൻ | ഹെഡ് കോൺസ്റ്റബിൾ | 5506 | മലക്കപ്പാറ | കഴിഞ്ഞ വർഷത്തെ ജനറൽ ട്രാൻസ്ഫർ സമയത്ത് മൂന്ന് വർഷം പൂർത്തീകരിച്ചിരുന്നില്ല. |
| 6 | മനേഷ് എൻ എസ് | പോലീസ് കോൺസ്റ്റബിൾ | 6499 | മലക്കപ്പാറ | ദയാപരമായ പരിഗണനയിൽ നിലനിർത്തിയിരിക്കുന്നു. |
| 7 | സെബി എം വി | ഹെഡ് കോൺസ്റ്റബിൾ | 4983 | കൊരട്ടി | കഴിഞ്ഞ വർഷത്തെ ജനറൽ ട്രാൻസ്ഫർ സമയത്ത് മൂന്ന് വർഷം പൂർത്തീകരിച്ചിരുന്നില്ല. |

| | | | | | |
|---|---|---|---|---|---|
| 8 | ബാബു സി കെ | അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് | 4485 | കൊടകര | കഴിഞ്ഞ വർഷത്തെ ജനറൽ ട്രാൻസ്ഫർ സമയത്ത് മൂന്ന് വർഷം പൂർത്തീകരിച്ചിരുന്നില്ല. |
| 9 | റനീഷ് പി എസ് | പോലീസ് കോൺസ്റ്റബിൾ | 6058 | കൊടകര | കഴിഞ്ഞ വർഷത്തെ ജനറൽ ട്രാൻസ്ഫർ സമയത്ത് മൂന്ന് വർഷം പൂർത്തീകരിച്ചിരുന്നില്ല. |
| 10 | വിബിൻലാൽ വി വി | പോലീസ് കോൺസ്റ്റബിൾ | 7703 | കൊടകര | കഴിഞ്ഞ വർഷത്തെ ജനറൽ ട്രാൻസ്ഫർ സമയത്ത് മൂന്ന് വർഷം പൂർത്തീകരിച്ചിരുന്നില്ല. |
| 11 | സാൻസൺ | അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് | 4526 | വെള്ളിക്കുളങ്ങര | കഴിഞ്ഞ വർഷത്തെ ജനറൽ ട്രാൻസ്ഫർ സമയത്ത് മൂന്ന് വർഷം പൂർത്തീകരിച്ചിരുന്നില്ല. |
| 12 | അനിൽ.റ്റി.ഡി | അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് | 4545 | വെള്ളിക്കുളങ്ങര | കഴിഞ്ഞ വർഷത്തെ ജനറൽ ട്രാൻസ്ഫർ സമയത്ത് മൂന്ന് വർഷം പൂർത്തീകരിച്ചിരുന്നില്ല. |
| 13 | ബിജു.കെ.കെ | ഹെഡ് കോൺസ്റ്റബിൾ | 5071 | വെള്ളിക്കുളങ്ങര | ഭരണപരമായ സൗകര്യത്തിനായി നിലനിർത്തിയിരിക്കുന്നു. |
| 14 | പ്രസാദ്.സി.ആർ | പോലീസ് കോൺസ്റ്റബിൾ | 7691 | വെള്ളിക്കുളങ്ങര | കഴിഞ്ഞ വർഷത്തെ ജനറൽ ട്രാൻസ്ഫർ സമയത്ത് മൂന്ന് വർഷം പൂർത്തീകരിച്ചിരുന്നില്ല. |
| 15 | മൊഹമ്മദ് രാഷി എം എ | ഹെഡ് കോൺസ്റ്റബിൾ | 5528 | പുതുക്കാട് | കഴിഞ്ഞ വർഷത്തെ ജനറൽ ട്രാൻസ്ഫർ സമയത്ത് മൂന്ന് വർഷം പൂർത്തീകരിച്ചിരുന്നില്ല. |
| 16 | പ്രിന്റോ വർഗ്ഗീസ് | പോലീസ് കോൺസ്റ്റബിൾ | 7045 | പുതുക്കാട് | ദയാപരമായ പരിഗണനയിൽ നിലനിർത്തിയിരിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 17 | തോമസ് കെ ജി | അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് | 4614 | വരാന്തരപ്പിള്ളി | കഴിഞ്ഞ വർഷത്തെ ജനറൽ ട്രാൻസ്ഫർ സമയത്ത് മൂന്ന് വർഷം പൂർത്തീകരിച്ചിരുന്നില്ല. |